പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **3076**

13.10.2011 ൽ മറുപടിയ്ക്ക്

## വനിതാ ഡോക്ടറെ കൈയേറ്റം ചെയ്ത പരാതി

**ചോദ്യം**

ശ്രീ. സി. കെ. സദാശിവൻ

കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ വനിതാ ഡോക്ടറെ ചില രാഷ്ട്രീയ നേതാക്കളും സാമൂഹിക വിരുദ്ധരും ചേർന്ന് കൈയേറ്റം ചെയ്തതുമായി ബന്ധപ്പെട്ട കേസ്സിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ ?

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

കായംകുളം താലൂക്കാശുപത്രിയിലെ വനിതാ ഡോക്ടറെ കൈയ്യേറ്റം ചെയ്തതുമായി ബന്ധപ്പെട്ട് ആശുപത്രി സൂപ്രണ്ടിന്റെ പരാതി പ്രകാരം കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 609/2011 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് കായംകുളം സബ് ഇൻസ്പെക്ടർ അന്വേഷിച്ചു വരവെ, 16.06.2011 ൽ കേസ് ഉന്നതാന്വേഷണത്തിന് ആലപ്പുഴ DCRB DySP യ്ക്ക് കൈമാറുകയും, ഈ കേസിലെ പ്രതികളെ നിയമാനുസൃതം അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

ഈ കേസിന്റെ എഫ്.ഐ.ആർ-ൽ ഒന്നാം പ്രതിയായി പറഞ്ഞിരിക്കുന്ന കൊച്ചുകുഞ്ഞ് ഈ കേസിലെ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വെളിവായതിനാൽ പ്രതിസ്ഥാനത്തു നിന്നും ഒഴിവാക്കുകയും, കോടതിയ്ക്ക് റിപ്പോർട്ട് അയച്ചിട്ടുള്ളതു മാണ്. കേസിന്റെ അന്വേഷണം പൂർത്തിയാക്കി താമസംവിനാ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ